**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2885** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ വിവിധ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനാവകാശനിയമ പ്രകാരം അനുവദിച്ച ഭൂമിയുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി വിശദമാക്കാമോ; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | **കേന്ദ്ര സർക്കാരിന്റെ " Dharti Aaba Janjatiya Gram Utkarsh Abhiyan (DA-JGUA)" പദ്ധതി പ്രകാരം വനാവകാശ നിയമ പ്രകാരം നൽകിയിട്ടുള്ള ഭൂമിയുടെ ഡിജിറ്റൈസേഷൻ നടത്തുന്നതിനുള്ള പ്രൊപ്പോസൽ KIRTADS മുഖേന കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രൊപ്പോസൽ അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡിജിറ്റൈസേഷനുള്ള നടപടികൾ KIRTADS മുഖേന സ്വീകരിക്കുന്നതാണ്.** |
| (ബി) | പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന ഫാമിങ് സൊസൈറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | **പട്ടിക വർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന ഫാമിങ് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. കണ്ണൂർ ജില്ലയിലെ ആറളം ഫാമിംഗ് കോർപ്പറേഷന് കശുവണ്ടി സംസ്കരണ യൂണിറ്റ്, കൂൺ കൃഷി, കന്നുകാലി വളർത്തൽ (പശു, പോത്ത്, ആട്), റീപ്ലാന്റ് (കശുമാവ്, തെങ്ങ്, കവുങ്ങ്) എന്നീ പ്രവർത്തനങ്ങൾക്ക് വകുപ്പിൽ നിന്നും ധനസഹായം നൽകുന്നുണ്ട്. മഞ്ഞൾ, വെളിച്ചെണ്ണ, കരിങ്ങാലി, തേൻ, കശുവണ്ടി, എള്ള്, കുരുമുളക് എന്നിവ ആറളം ബ്രാൻഡ് എന്ന പേരിൽ വിപണനം നടത്തുന്നു.<br><br>പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 2 ഫാമിംഗ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിങ് സൊസൈറ്റി, വട്ടലക്കി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി എന്നീ സഹകരണ സംഘങ്ങളിൽ വിവിധ കാർഷിക, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 2 വർഷങ്ങളിൽ വട്ടലക്കി** |

| | | | |
|---|---|---|---|
| | | | കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയിൽ ചുവടെ പറയുന്ന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>1. ബാഗ് നിർമ്മാണം<br>2. മുളകൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br>3. കുട നിർമ്മാണം<br>4. നോട്ട് ബുക്ക് നിർമ്മാണം<br>5. ജൂട്ടിൽനിന്നുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br>6. പരമ്പരാഗത ഭക്ഷണ ശാല<br>7. വിപണന കേന്ദ്രം<br>8. കോഫി ഷോപ്പ്<br>9. വിവിധ കലാ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനുള്ള ഹാൾ<br>പുതിയ സംരംഭങ്ങളിൽ 70 ഓളം പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. രണ്ട് സഹകരണ സംഘങ്ങളിലും മേൽ പറഞ്ഞ സംരംഭങ്ങൾക്ക് പുറമെ കാർഷിക പ്രവർത്തിയിലും 400 ഓളം പേർക്ക് തൊഴിൽ നൽകി വരുന്നുണ്ട്. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതിയ്ക്ക് വകുപ്പിൽ നിന്നും, നബാർഡിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വനവാസികളായ വൈദ്യന്മാരുടെ പാരമ്പര്യമായി ലഭിച്ച അറിവുകൾ സംരക്ഷിക്കുന്നതിനും ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; അവയുടെ പുരോഗതി അറിയിക്കാമോ? | (സി) | പട്ടികവർഗ്ഗക്കാരായ വംശീയ വൈദ്യന്മാർക്ക് പരമ്പരാഗത ചികിത്സാ സമ്പ്രദായം കാത്തു സൂക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കിർടാഡ്സ് മുഖേന ലഭിച്ച ലിസ്റ്റ് പ്രകാരമുള്ള വൈദ്യന്മാർക്ക് പ്രതിവർഷം 10,000/- രൂപ (പതിനായിരം രൂപ മാത്രം) നിരക്കിൽ വാർഷിക ഗ്രാന്റ് ആയി ധനസഹായം വകുപ്പ് അനുവദിച്ചു നൽകുന്നുണ്ട്.<br>തദ്ദേശീയ ജനതയുടെ അറിവ് സാമൂഹികമായി പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശീയ വൈദ്യത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ പാരമ്പര്യ വൈദ്യന്മാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 3 ഡയറക്ടറികൾ 2013, 2016, 2024 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈദ്യന്മാർക്കായി ശിൽപ്പശാലകളും ചികിത്സാ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. ഔഷധ ചെടികൾ |

| | | | |
|---|---|---|---|
| | | | **നട്ടുവളർത്തുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു ത്രിദിന പരിശീലന പരിപാടി ഈ സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നുമുണ്ട്.** |

സെക്ഷൻ ഓഫീസർ